(ബി) ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈവർഷത്തെ ബഡ്ജറ്റിൽ 22,171.64 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 30.11.99-ലെ കണക്കനുസരിച്ച് 10,698.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

124 (1343) റോഡ് ടെൻഡർ നൽകിയതിൽ ക്രമക്കേട്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആന്റ്.എ.ജി.യുടെ 1997 മാർച്ച് 31-ലെ നമ്പർ 3 സിവിൽ റിപ്പോർട്ടിൽ ഐറ്റം നമ്പർ 4.1.9.ൽ ഡിപ്പോർട്ട്മെന്റ് നേരിട്ട് വർക്ക് നടത്തുമ്പോൾ എസ്റ്റിമേറ്റ് റേറ്റിൽ കൂടുതൽ നൽകാൻ പാടില്ല എന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്കുള്ള റോഡ് ടെൻഡർ നൽകിയതിൽ സി.ആന്റ്.എ.ജി.യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് 1996 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയതിനാലാണ് 1999-ൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് എസ്റ്റിമേറ്റ് റേറ്റിൽ 55 % അധികമല്ലാത്ത തുകയ്ക്ക് പണി നടത്താൻ അനുവാദം നൽകിയത്.

125 (1344) പാറശ്ശാല നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടെൻഡർ കൊടുത്ത റോഡുകളുടെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ടാർ എത്രയും വേഗം നൽകി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly